**ഭരണഭാഷ മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ന്യൂ ബിൽഡിങ്ങ്, ഉള്ളൂർ ലൈൻ,
ജഗതി, തിരുവനന്തപുരം, 695014
ഇ-മെയിൽ- dirdhse.dge@kerala.gov.in
ഫോൺ: 0471-2580754

**എച്ച്.എസ്.ഇ/3588/2024-എഡി.ഡി3** **തീയതി:01-08-2024**

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം - 2024-25 അധ്യയനവർഷ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ പ്രൊമോഷൻ - എച്ച്.എം/എ.ഇ.ഒ മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 22/03/2024 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ D4/2798/2022/DGE നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച എച്ച്.എം/എ.ഇ.ഒ സീനിയോരിറ്റി ലിസ്റ്റ്.

2024-25 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം യഥാക്രമം എച്ച്.എസ്.എസ്.റ്റി/എച്ച്.എം മാരിൽ നിന്നും 2 :1 അനുപാതത്തിൽ പ്രൊമോഷൻ നടത്തുന്നതിലേയ്ക്കായി പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് പ്രൊമോഷന് യോഗ്യതയുള്ള, നിലവിൽ എച്ച്.എം/എ.ഇ.ഒ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന, സൂചന പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമനമ്പർ നമ്പർ 1091 വരെയുള്ള എച്ച്.എം/എ.ഇ.ഒ മാർ 2021

കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് നേരിട്ട്/ തപാൽ മുഖേന മാന്വലായും **(Performance Appraisal Form II(B) ) , 2022, 2023** കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സ്കോർ മുഖേന ഓൺലൈൻ ആയും **24/08/2024 തീയതി 5 PM** ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

**2021** വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ഡി.ഇ.ഒ മാരുടെ ശുപാർശയോടു കൂടി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ മേൽ തീയതിക്കകം ലഭ്യമാക്കണം. കോൺഫിഡൻഷ്യൽ റിപ്പോർട്ട് അയയ്ക്കുന്ന കവറിനു പുറത്ത് "പ്രിൻസിപ്പൽ പ്രൊമോഷൻ **2024-25** - കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓഫ് എച്ച്.എം/എ.ഇ.ഒ" എന്നും കവറിംഗ് ലെറ്ററിൽ നിർബന്ധമായും ടി അദ്ധ്യാപകരുടെ പെൻ നമ്പർ, സീനിയോരിറ്റി ക്രമനമ്പർ നമ്പർ, ഫോൺ നമ്പർ, വിഷയം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കേണ്ട വിലാസം , **പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ഹയർസെക്കന്ററി വിഭാഗം), ജഗതി, തിരുവനന്തപുരം- 695014.** പ്രസ്തുത കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം അദ്ധ്യാപകർ താഴെപ്പറയുന്ന രേഖകളും ഹാജരാക്കേണ്ടതാണ്.

**1.** ഇതോടൊപ്പം അനക്സർ ആയി നൽകിയിരിക്കുന്ന നിശ്ചിത മാതൃക ( എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി,റിപ്പോർട്ടിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം )

**2.** പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചാൽ ആയതു സ്വീകരിക്കുന്നതാണ് എന്നുള്ള സമ്മതപത്രം .

**3** . ഡി.ഇ.ഒ സാക്ഷ്യപ്പെടുത്തിയ സർവ്വീസ് സർട്ടിഫിക്കറ്റ് (ശൂന്യവേതനാവധി ,ഡെപ്പ്യൂട്ടേഷൻ കാലയളവ്,ദീർഘകാല അവധികൾ തുടങ്ങിയ ഉൾപ്പെടെയുള്ള എച്ച്.എസ്.എ, എച്ച്.എം തസ്തികയിലെ വിവരങ്ങൾ ).

**4.** ഉദ്യോഗസ്ഥരുടെ സ്കൂൾ/ ഓഫീസ് സ്ഥിതി ചെയ്യുന്ന ജില്ലയുടെ അധികാരമുള്ള ഹയർസെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള യോഗ്യത തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്. (ബി.എഡ്, പി.ജി (മിനിമം 50%) സർട്ടിഫിക്കറ്റ്, എച്ച്.എം തസ്തികയിലെ പ്രൊബേഷൻ ഡിക്ലറേഷൻ സർട്ടിഫിക്കറ്റ്).

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കുമ്പോൾ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

* കോൺഫിഡൻഷ്യൽ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകി കയ്യൊപ്പ് വാങ്ങിയതിനുശേഷം മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു അയയ്ക്കുവാൻ പാടുള്ളു. അച്ചടക്കനടപടി കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് തീർപ്പാക്കികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം .

* കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ റിപ്പോർട്ടിംഗ് , റിവ്യൂവിംഗ് ഉദ്യോഗസ്ഥരുടെ പേര് , ഔദ്യോഗിക പദവി, ആഫീസ് സീൽ, തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

* സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ആവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോഗസ്ഥരുടെയും സ്പാർക്ക് പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്.

**30/11/2023 തീയതിയിലെ G.O (P) No 17/2023/P&ARD അനുസരിച്ച് പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രൊമോഷൻ ഉത്തരവായശേഷം ആയത് പരിത്യജിക്കുന്നതിന് അനുവദിക്കുന്നതല്ല** .(ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് ടി പ്രൊമോഷൻ പരിത്യജിക്കുന്നവരുടെ അപേക്ഷകൾ സ്വീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് ആകേണ്ടതുണ്ട് . ആയതിനാൽ പ്രിൻസിപ്പൽ

തസ്തികയിലേക്കുള്ള പ്രൊമോഷൻ പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആയതിനുള്ള അപേക്ഷ **24/08/2024** തീയതിയ്ക്കകം നൽകാവുന്നതാണ് ).

സി.ആർ സമർപ്പിച്ചിട്ടുള്ള എച്ച്.എം/എ.ഇ.ഒ മാർക്ക് പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രൊമോഷൻ ഉത്തരവാകുന്നതിന് മുൻപ് മറ്റ് ഏതെങ്കിലും തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിൽ ആയത് നിർബന്ധമായും ഈ ഓഫീസിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**24/08/2024** തീയതിയ്ക്ക് ശേഷം ലഭിക്കുന്നതും, ഭാഗികമോ, അപൂർണ്ണമോ ആയ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ, മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരിക്കുക എന്നിങ്ങനെയുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഹയർസെക്കന്ററി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽവിലാസം, ഫോൺനമ്പർ, അധികാരപരിധിയിൽ വരുന്ന ജില്ലകൾ എന്നിവയുടെ വിവരം താഴെ കൊടുക്കുന്നു.

**1.** റീജിയൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
ഫോർത്ത് ഫ്ലോർ, കോർപ്പറേഷൻ ബിൽഡിംഗ്
തിരുവനന്തപുരം
ഫോൺ നമ്പർ **0471-2328247**
(തിരുവനന്തപുരം,കൊല്ലം)

**2.** റീജിയൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
സെക്കന്റ് ഫ്ലോർ, എഡ്യൂക്കേഷൻ കോംപ്ലക്സ്
സിവിൽ സ്റ്റേഷന് സമീപം, ചെങ്ങന്നൂർ
ഫോൺ നമ്പർ- **0479-2453393**
(ആലപ്പുഴ, പത്തനംതിട്ട)

**3.** റീജിയൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
വയസ്കര കുന്ന്, കോട്ടയം

ഫോൺ നമ്പർ **0481- 2560578**

(കോട്ടയം, ഇടുക്കി)

4. റീജിയൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
   എസ്.ആർ.വി ജി.എച്ച്.എസ്.എസ് ബിൽഡിംഗ്
   കസ്തൂരിരംഗൻ ഹാൾ, എറണാകുളം
   ഫോൺ നമ്പർ **0484-2375646**
   (എറണാകുളം, തൃശ്ശൂർ)

5. റീജിയൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
   ബി2 ബ്ലോക്ക്, സിവിൽ സ്റ്റേഷൻ
   മലപ്പുറം
   ഫോൺ നമ്പർ **0483- 2738060**
   (പാലക്കാട്, മലപ്പുറം)

6. റീജിയൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
   ഗവ.എൽ.പി സ്കൂൾ പരപ്പിൽ
   കോഴിക്കോട്
   ഫോൺ നമ്പർ **0495-2305211**
   (കോഴിക്കോട്, വയനാട്)

7. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
   കനത്തൂർ ഗവ.എൽ.പി.എസ്
   കണ്ണൂർ
   ഫോൺ നമ്പർ **0497-2700564**
   (കണ്ണൂർ, കാസർഗോഡ്)

Signed by
Santhosh Kumar .r
Date: 01-08-2024 16:32:18

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**ANNEXURE**

| | | |
|---|---|---|
| 1. | Name | |
| 2. | PEN | |
| 3. | Date of Birth | |
| 4. | Designation (HM/AEO) | |
| 5. | Name of present school/Office | |
| 6. | Subject | |
| 7. | Sl.No in seniority list | |
| 8. | Details of total teaching sevice ( Excluding LWA, Long leave, Deputation etc.) | |
| | Order No and date of | |

| | | |
|---|---|---|
| 9. | declaration of Probation in the cadre of HM/AEO | |
| 10. | Details of punishments awarded to the officer if any, give details | |
| 11. | Date of superannuation | |
| 12. | Phone no | |

**Qualification Details**

| Course | Name of University and year of passing | Subject | % of Mark | Correspondance/regular & details of Equivalency if any |
|---|---|---|---|---|
| B.Ed | | | | |
| | | | | |

| | | | | |
|---|---|---|---|---|
| **PG** | | | | |
| **Other Qualification if any** | | | | |

**Office Seal**

**Signature -**

**Name -**

**Date**